(ബി) ഉണ്ട്.

(സി) സംസ്ഥാനത്തുടനീളം എല്ലാ സ്വകാര്യബസ്സുകൾക്കും ഏകീകൃത കളർ കോഡ് നൽകുകയെന്ന ലക്ഷ്യത്തോടെ നടപ്പിലാക്കിയ S.T.A. തീരുമാനം സഹകരണ സംഘങ്ങൾ നടത്തുന്ന ബസ്സുകൾക്കും ബാധകമായതിനാൽ ഇത്തരം ബസ്സുകൾക്ക് പ്രത്യേക കളർ കോഡ് അനുവദിക്കുന്ന വിഷയം പരിഗണനയിലില്ല.

## ടൂ വീലർ ടാക്സി

235 (4270) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടൂ വീലർ ടാക്സിക്ക് പെർമിറ്റ് നൽകിയിട്ടുണ്ടോ;

(ബി) ടൂ വീലർ ടാക്സി പെർമിറ്റിന് എന്തൊക്കെ നിബന്ധനയാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദവിവരങ്ങൾ നൽകാമോ;

(സി) ഇതിന് അനുവദിച്ചിട്ടുള്ള വാടക നിരക്ക് എത്രയെന്ന് അറിയിക്കാമോ?

### ഉത്തരം

(എ-സി) ഇല്ല. എന്നാൽ റെന്റ് എ മോട്ടോർ സൈക്കിൾ സ്കീം. 1997 പ്രകാരം ലൈസൻസ് നൽകിയിട്ടുള്ള സ്ഥാപനങ്ങളുടെ മോട്ടോർ സൈക്കിളുകൾക്ക് മോട്ടോർ വാഹന നിയമം വകുപ്പ് 74 ഉപവകുപ്പ് (1) പ്രകാരമുള്ള പെർമിറ്റുകൾ ആർ.ടി.എ.-കളിൽ നിന്നു നൽകിയിട്ടുണ്ട്.

## പരിസര മലിനീകരണം കുറയ്ക്കുന്ന തരത്തിലുള്ള ഗതാഗത മാർഗ്ഗങ്ങൾ

236 (4271) ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസര മലിനീകരണം കുറയ്ക്കുന്ന തരത്തിലുള്ള ഏതെല്ലാം ഗതാഗത മാർഗ്ഗങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ബി) സംസ്ഥാനത്ത് വൈദ്യുത ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ വ്യാപകമാക്കുന്നതിന് തയ്യാറാകുമോ;

(സി) വൈദ്യുത ബാറ്ററികൾ പെട്ടെന്ന് റീചാർജ്ജ് ചെയ്യുന്ന തരത്തിലുള്ള റീചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുവാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) സി.എൻ.ജി. ഉപയോഗിച്ച് പ്രവർത്തിക്കുന്ന ബസ്സുകൾ കൂടുതലായി നിരത്തിലിറക്കുമോ എന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) അന്തരീക്ഷത്തിലെ കാർബണിന്റെ അളവ് പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ നിർമ്മിച്ചിട്ടുള്ള ഇ-വാഹനങ്ങൾ (ഇ- റിക്ഷ, ഇ-കാർ, ഇ-ബൈക്ക്) സംസ്ഥാനത്തുടനീളം വിപണനം നടത്തുന്നതിനും വില്പനാനന്തര സേവനം നൽകുന്നതിനും ഇരുപത്തിയഞ്ച് വാഹന നിർമ്മാണ കമ്പനികൾക്ക് മോട്ടോർ വാഹന വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. ഇ-റിക്ഷ ഓടിക്കുന്ന ഡ്രൈവർമാർക്ക് ലൈസൻസിന് പുറമെ ബാഡ്ജ് വേണമെന്ന നിബന്ധന ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം വാഹനങ്ങൾക്ക് പെർമിറ്റ് ആവശ്യമില്ല എന്നും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അന്തരീക്ഷ മലിനീകരണം കുറയ്ക്കുമെന്നതിനാൽ, ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിയ്ക്കുന്നതിനായി, ഇലക്ട്രിക് ഓട്ടോറിക്ഷകളുടെയും എൽ.പി.ജി./ സി.എൻ.ജി. ഉപയോഗിച്ച് ഓടുന്ന ഓട്ടോറിക്ഷകളുടെയും നിലവിലെ വാർഷിക നികുതി 500 രൂപയിൽ നിന്ന് 450 രൂപയായി കുറയ്ക്കുവാനും, പുതുതായി രജിസ്റ്റർ ചെയ്യുന്ന ഇത്തരം വാഹനങ്ങൾക്ക് 5 വർഷത്തേയ്ക്ക് 2,000 രൂപ എന്ന നിരക്കിൽ നികുതി ഈടാക്കുവാനും 2018-19-ലേയ്ക്കുള്ള ബഡ്ജറ്റ് പ്രസംഗത്തിൽ നിർദ്ദേശമുണ്ട്. ഇ-റിക്ഷകളുടെ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി ഓട്ടോറിക്ഷകളുടെ നികുതി നിരക്ക് ഇത്തരം വാഹനങ്ങൾക്ക് ഏർപ്പെടുത്തുവാനും തീരുമാനമുണ്ട്.

(ബി) വൈദ്യുത ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് എല്ലാ രജിസ്റ്ററിംഗ് അതോറിറ്റികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) വകുപ്പിന്റെ പരിഗണനയിലില്ല.

(ഡി) ആവശ്യമായ ഫില്ലിംഗ് സ്റ്റേഷനുകൾ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ അത്തരത്തിലുള്ള ബസുകൾ നിരത്തിലിറക്കാൻ സാധിക്കുകയുള്ളൂ.

**ട്രാഫിക് നിയമ ലംഘനങ്ങൾ കണ്ടെത്തുന്നതിനുള്ള ആധുനിക സംവിധാനം**

237 (4272) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ട്രാഫിക് നിയമ ലംഘനങ്ങൾ പകർത്തുന്നതിന് അത്യാധുനിക ക്യാമറകൾ സ്ഥാപിച്ച എത്ര വാഹനങ്ങൾ വാങ്ങിയെന്നും ഇതിനായി എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ;

(ബി) ഇതിൽ എത്രയെണ്ണം ഇപ്പോൾ ഉപയോഗത്തിലുണ്ടെന്നും ഈ വാഹനങ്ങൾ ആരുടെ മേൽനോട്ടത്തിലാണ് റോഡുകളിൽ നിർത്തി വിവരങ്ങൾ റിക്കോർഡ് ചെയ്യുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഈ വാഹനങ്ങൾ സഞ്ചരിക്കേണ്ട റൂട്ട് നിശ്ചയിക്കാൻ ആരെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?